**പതിനാലാം കേരള നിയമസഭ**
**പത്തൊമ്പതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 914. 04-03-2020-ലെ മറുപടിക്ക്.

**സ്കിൽ പാർക്ക്**

ചോദ്യം

ശ്രീ. മഞ്ഞളാംകുഴി അലി
ശ്രീ. സി. മമ്മൂട്ടി
ശ്രീ. കെ.എൻ.എ. ഖാദർ
ശ്രീ. കെ.എം. ഷാജി

ഉത്തരം

ഡോ. കെ.ടി. ജലീൽ
ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും
വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| എ) | സംസ്ഥാന നൈപുണ്യ വികസന മിഷൻ പദ്ധതിയായ സ്കിൽ പാർക്കിൽ വിദേശഭാഷാ പരിശീലനകേന്ദ്രവും ഹോസ്പിറ്റാലിറ്റി മേഖലയിൽ ഇന്റർനാഷണൽ സർട്ടിഫിക്കേഷൻ കോഴ്സും ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ; | എ) | ഉണ്ട്.<br>ഹോസ്പിറ്റാലിറ്റി മേഖലയിലെ ഇന്റർനാഷണൽ സർട്ടിഫിക്കേഷൻ കോഴ്സ് കൂടാതെ ഇംഗ്ലീഷ്, ജാപ്പനീസ്, ഫ്രഞ്ച്, സ്പാനിഷ്, ചൈനീസ്, അറബിക്, ജർമ്മൻ എന്നീ വിദേശ ഭാഷകളിലെ ആശയവിനിമയ പ്രാവിണ്യവും പരിശീലിപ്പിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. |
| ബി) | ഇതിലൂടെ എത്രപേർക്ക് തൊഴിൽ ലഭ്യത ഉറപ്പാക്കാൻ കഴിയുമെന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കുമോ? | ബി) | ഹോസ്പിറ്റാലിറ്റി മേഖലയിലെ നൈപുണ്യവും വിദേശ ഭാഷകളിൽ നേടുന്ന ആശയവിനിമയ പ്രാവിണ്യവും പ്രസ്തുത മേഖലകളിലെയും രാജ്യങ്ങളിലെയും തൊഴിലവസരങ്ങൾ ലഭിക്കുന്നതിന് ഗുണകരമാകുമെന്നാണ് കരുതുന്നത്. എന്നാൽ ഇത്തരം തൊഴിലവസരങ്ങൾ എത്രപേർക്ക് ലഭ്യമാകുമെന്ന് തിട്ടപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. |

സെക്ഷൻ ഓഫീസർ